89138/DOA-ASST-6/2026/Admn (II)

26.05.2026

# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

**അഫ്സൽ-ഉൽ-ഉലമ (പ്രിലിമിനറി) ദ്വിവത്സര കോഴ്സ് പ്രവേശനം - 2026-27**

## പ്രോസ്പക്ടസ്

2026-27 അദ്ധ്യയന വർഷത്തിൽ കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് അറബിക് കോളേജുകളിൽ **അഫ്സൽ-ഉൽ-ഉലമ (പ്രിലിമിനറി) ദ്വിവത്സര കോഴ്സിന്** പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളിൽ നിന്ന് ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു.

(**കാലിക്കറ്റ് സർവ്വകലാശാലയുടെ അഫ്സൽ-ഉൽ-ഉലമ (പ്രിലിമിനറി) ദ്വിവത്സര കോഴ്സ് കേരള ഹയർ സെക്കൻഡറി ബോർഡ് നടത്തുന്ന പ്ളസ് ടു ഹ്യൂമാനിറ്റീസ് കോഴ്സിന് തത്തുല്യമായി അംഗീകരിച്ചിട്ടുണ്ട്- GO.(R.T). No.2165/2014/Gen.Edn.Dept. dated 03.06.2014 & U.O.No.8883/2015/Admn dated 18.08.2015**)

**അഫ്സൽ ഉൽ ഉലമ (പ്രിലിമിനറി) പ്രവേശനത്തിനുള്ള നിയമാവലികൾ:**

1 . **പ്രവേശന യോഗ്യത** - എസ്.എസ്.എൽ.സി, ടി.എച്ച്.എസ്. എൽ.സി. (കേരള സിലബസ്), സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, തുടങ്ങിയ സ്കീമുകളിൽ പരീക്ഷ ജയിച്ചവർക്കും മറ്റു സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും എസ്.എസ്.എൽ.സി.ക്ക് തുല്യമായ പരീക്ഷ വിജയിച്ചിട്ടുള്ളവർക്കും അപേക്ഷിക്കാം. പൊതുപരീക്ഷയിലെ ഓരോ പേപ്പറിനും കുറഞ്ഞത് ഡി+ ഗ്രേഡോ തത്തുല്യമായ മാർക്കോ വാങ്ങി ഉന്നതപഠനത്തിനു യോഗ്യത നേടിയിരിക്കണം. എസ്.എസ്.എൽ.സി. പഴയ സ്കീമിൽ പരീക്ഷ എഴുതിയവരുടെയും, ഗ്രേഡിങ് രീതിയിലുള്ള മൂല്യനിർണ്ണയം നിലവിലില്ലാത്ത മറ്റു സ്കീമുകളിൽ പരീക്ഷ എഴുതിയവരുടേയും മാർക്കുകൾ ഗ്രേഡാക്കി മാറ്റിയ ശേഷമായിരിക്കും പ്രവേശനത്തിനു പരിഗണിക്കുന്നത്. കേരള സിലബസിനു പുറമെയുള്ള അപേക്ഷകർ വിവിധ വിഷയങ്ങളുടെ ഓരോ പേപ്പറിനും അതാത് ബോർഡുകൾ വിജയിക്കാൻ നിശ്ചയിച്ചിട്ടുള്ള മിനിമം മാർക്ക് നേടിയിരിക്കണം.

അപേക്ഷകർക്ക് 2026 ജൂൺ മാസം ഒന്നിന് പതിനഞ്ച് വയസ് പൂർത്തിയായിരിക്കണം. എന്നാൽ ഇരുപത് വയസ് കഴിയാൻ പാടില്ല. കേരളത്തിലെ പൊതുപരീക്ഷാ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി., ടി.എച്ച്.എസ്.എൽ.സി. പരീക്ഷ വിജയിക്കുന്ന അപേക്ഷകർക്ക് കുറഞ്ഞ പ്രായപരിധിയില്ല. മറ്റു ബോർഡുകളുടെ പരിക്ഷകൾ വിജയിച്ച അപേക്ഷകർക്ക് കുറഞ്ഞ പ്രായപരിധിയിലും ഉയർന്ന പ്രായപരിധിയിലും ആറുമാസം വരെ ഇളവ് അനുവദിക്കുന്നതാണ്. കേരളത്തിലെ പൊതുപരീക്ഷ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി വിജയിച്ച അപേക്ഷകർക്ക് ഉയർന്ന പ്രായപരിധിയിൽ ആറുമാസം വരെ ഇളവ് അനുവദിക്കുന്നതാണ്. പട്ടിക ജാതി/പട്ടിക വർഗവിഭാഗത്തിൽപെട്ട അപേക്ഷകർക്ക് ഉയർന്ന പ്രായപരിധിയിൽ രണ്ടു വർഷം വരെ ഇളവ് അനുവദിക്കും. അന്ധരോ, ബധിരരോ, ബുദ്ധിപരമായി

വെല്ലുവിളികൾ നേരിടുന്നവരോ ആയവർക്ക് ഇരുപത്തിയഞ്ച് വയസ് വരെ അപേക്ഷിക്കാം.

**2. ഗ്രേഡ് പോയിന്റ്**

2.1) A+/A1 = 9, A/A2 = 8, B+/B1 = 7, B/B2 = 6, C+/C1 = 5, C/C2 = 4, D+/D1 = 3

2.2) മാർക്ക് അടിസ്ഥാനത്തിൽ യോഗ്യതാ പരീക്ഷ പൂർത്തിയാക്കിയവരെ ഗ്രേഡ് അടിസ്ഥാനത്തിലേക്ക് മാറ്റിയതിനു ശേഷമാണ് ഇന്റക്സ് മാർക്ക് കണക്കാക്കുന്നത്.

| 90% വും അതിനു മുകളിലും | 80%-89% | 70%-79% | 60%-69% | 50%-59% | 40%-49% | 30%-39% |
|---|---|---|---|---|---|---|
| 9 | 8 | 7 | 6 | 5 | 4 | 3 |

2.3) കേരള സർക്കാർ എസ്.എസ്.എൽ.സി അല്ലാത്ത മറ്റ് പരീക്ഷകളിൽ യോഗ്യത നേടിയവരുടെ പേപ്പറുകളുടെ എണ്ണം തനത് വർഷത്തെ കേരളസർക്കാർ എസ്.എസ്.എൽ.സി പേപ്പറുകളുടെ എണ്ണത്തോട് തുല്യമാക്കി ഏകീകരിക്കുന്നതാണ്. (C.B.S.E, T.H.S.S.L.C, NIOS, SSLC പഴയ സ്കീം മുതലായവ)

* (T.H.S.S.L.C കഴിഞ്ഞ വിദ്യാർത്ഥികളുടെ വൊക്കേഷണൽ പേപ്പറുകളും ഇൻഡക്സ് മാർക്കിനോട് കൂട്ടുന്നതാണ്.)

**3. ബോണസ് പോയിന്റിന് അർഹതയുള്ള വിഭാഗങ്ങൾ**

| വിഭാഗം | ബോണസ് പോയിന്റ് |
|---|---|
| കൃത്യനിർവഹണത്തിനിടയിൽ മരണമടഞ്ഞ ജവാൻമാരുടെ മക്കൾക്ക് (നിയമപരമായി അവർ ദത്തെടുത്ത മക്കൾക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ട്) | 5 |
| ജവാൻമാരുടെയും എക്സ് സർവ്വീസുകാരുടെയും (ആർമി/നേവി/എയർഫോഴ്സ് മുതലായവ മാത്രം) മക്കൾക്ക് /നിയമപരമായി അവർ ദത്തെടുത്ത മക്കൾക്ക് | 3 |
| എൻ.സി.സി (75 ശതമാനത്തിൽ കുറയാത്ത ഹാജർ കേഡറ്റിനുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം)/സ്കൗട്ട് & ഗൈഡ് (രാഷ്ട്രപതി പുരസ്കാർ/രാജ്യ പുരസ്കാർ നേടിയവർക്ക് മാത്രം) / സ്റ്റുഡൻറ് പോലീസ് കേഡറ്റുകൾ (GO (No) 214 / 2012 / Home dated 04/ 08/ 2012 വിവക്ഷിച്ചമാതിരി) | 2 |
| കേരള സംസ്ഥാന ബോർഡ് നടത്തുന്ന പൊതുപരീക്ഷയിൽ എസ്.എസ്.എൽ.സി, ടി.എച്ച്.എസ്. എൽ.സി.(കേരള സിലബസ്) യോഗ്യത നേടുന്നവർ | 3 |
| കാലിക്കറ്റ് സർവ്വകലാശാലയുടെ അധികാരപരിധിയിൽപ്പെടുന്നവർ | 5 |

**4. മൈനസ് പോയിന്റ്**

ആദ്യതവണ യോഗ്യതാ പരീക്ഷ പാസാകാത്ത അപേക്ഷകരുടെ ആകെ ഗ്രേഡ് പോയിന്റിൽ നിന്നും ചാൻസൊന്നിന് ഒരു പോയിന്റ് എന്ന തരത്തിൽ കുറവ് ചെയ്യും. എന്നാൽ ആദ്യമായി എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വർഷം തന്നെ സേ പരീക്ഷ എഴുതി വിജയിച്ചവർക്ക് മൈനസ് പോയിന്റ് ബാധകമല്ല.

## 5. സീറ്റ് സംവരണം

### 5.1 എയ്ഡഡ് കോളേജുകൾ

| ക്രമ നമ്പർ | സീറ്റ് സംവരണം | ന്യൂനപക്ഷ/പിന്നാക്ക സമുദായ എയ്ഡഡ് മാനേജ്മെന്റ് കോളേജ് |
|---|---|---|
| 1 | ഓപ്പൺ ക്വാട്ട | 40% |
| 2 | പട്ടികജാതി | 12% |
| 3 | പട്ടികവർഗ്ഗം | 8% |
| 4 | കമ്മ്യൂണിറ്റി ക്വോട്ട | 20% |
| 5 | മാനേജ്മെന്റ് ക്വോട്ട | 20% |

### 5.2 സെൽഫ് ഫിനാൻസിംഗ് കോളേജുകൾ

സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ 50% സീറ്റുകൾ മാനേജ്മെന്റ് ക്വോട്ട വിഭാഗത്തിൽ നീക്കിവെച്ചിട്ടുണ്ട്. ബാക്കി 50% സീറ്റുകളുടെ വിഭജനപ്പട്ടിക താഴെ ചേർക്കുന്നു.

| വിഭാഗം | സംവരണം (ശതമാനത്തിൽ) |
|---|---|
| ഓപ്പൺ ക്വോട്ട | 65 |
| പട്ടികജാതി | 8 |
| പട്ടികവർഗ്ഗം | 2 |
| ഈഴവ, തിയ്യ, ബില്ലവ | 9 |
| മുസ്ലീം | 8 |
| ലത്തീൻ കത്തോലിക് (ആംഗ്ലോ ഇന്ത്യൻസ് ഒഴികെ) | 2 |
| മറ്റു പിന്നാക്ക ക്രിസ്ത്യാനികൾ | 1 |
| മറ്റു പിന്നാക്ക ഹിന്ദുക്കൾ | 5 |
| *ഇ ഡബ്ല്യൂ എസ് | 10 |

* മാനേജ്മന്റ് ക്വോട്ട ഒഴികെയുള്ള മൊത്തം സീറ്റിന്റെ 10%സീറ്റുകൾ അധികമായി വർധിപ്പിച്ചുകൊണ്ട് EWS സംവരണം അനുവദിക്കുന്നതാണ്.

സംവരണ വിഭാഗങ്ങളിൽ ആവശ്യമായ അപേക്ഷകർ ഇല്ലാത്തപക്ഷം ആദ്യ അലോട്ട്മെന്റിൽ തന്നെ മെറിറ്റ് ലിസ്റ്റിലേക്ക് ഉൾപ്പെടുത്തുന്നതാണ്.

**5.3 മറ്റു വിഭാഗങ്ങൾ**

| വിഭാഗം | എയ്ഡഡ് മാനേജ്മെന്റ് കോളേജ്/അൺ എയ്ഡഡ് കോളേജുകൾ |
|---|---|
| സ്പോർട്സ് ക്വോട്ട | ഓപ്പൺ മെറിറ്റിന്റെ 5% |
| ഭിന്നശേഷി വിഭാഗത്തിലുള്ളവർ | ഓപ്പൺ മെറിറ്റിന്റെ 5% |
| ഭാഷാ ന്യൂനപക്ഷങ്ങൾ (തമിഴ്, കന്നട മാത്രം) | തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ ഓപ്പൺ മെറിറ്റിന്റെ 5% സീറ്റുകൾ |

ഭിന്നശേഷി വിഭാഗത്തിൽ (1) ശാരീരിക വൈകല്യമുള്ളവർ, (2) അന്ധർ (3) ബധിരർ (4) മാനസിക/മസ്തിഷ്ക രോഗങ്ങൾ മൂലം പഠന വൈകല്യങ്ങളുള്ളവർ എന്നിവരുൾപ്പെട്ടിട്ടുണ്ട്. ഈ വിഭാഗത്തിൽ പരിഗണിക്കപ്പെടുന്നതിന് അപേക്ഷകർ തങ്ങൾക്ക് 40 ശതമാനത്തിൽ കുറയാത്ത വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന അംഗീകൃത മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

**5.4.** സംവരണാനുസൃതം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലോ മറ്റു പിന്നോക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായവർക്ക് ഇ ഡബ്ല്യൂ എസ് സംവരണം നൽകുന്നതാണ്. ന്യൂനപക്ഷ പദവി ഇല്ലാത്തതും മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചു വരുന്നതുമായ സെൽഫ് ഫിനാൻസിങ് കോളേജുകളിലും, എയ്ഡഡ് കോളേജുകളിലെ സെൽഫ് ഫിനാൻസിങ് കോഴ്സുകളിലും നിലവിലെ സംവരണത്തെ ബാധിക്കാതെ മാനേജ്മന്റ് ക്വോട്ട ഒഴികെയുള്ള മൊത്തം സീറ്റിന്റെ 10% സീറ്റുകൾ അധികമായി വർധിപ്പിച്ചുകൊണ്ട് EWS സംവരണം അനുവദിക്കുന്നതാണ്. (G.O.(Ms) No.23/2022/P&ARD Dated 04.10.2022) . EWS സംവരണ സർട്ടിഫിക്കട്ടിന്റെ മാതൃക അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

**6.** 2026-27 വർഷത്തിൽ അഫ്സൽ-ഉൽ-ഉലമ (പ്രിലിമിനറി)കോഴ്സ് നടത്തുന്ന കോളേജുകളുടെ വിവരങ്ങൾ **അനുബന്ധം 1-ൽ** നൽകിയിട്ടുണ്ട്.

**7. ഇൻഡക്സിംഗ്, റാങ്കിംഗ്**

7.1 യോഗ്യത പരീക്ഷയിൽ ഫസ്റ്റ് ലാംഗ്വേജ് പേപ്പർ 1 ആയോ, പേപ്പർ 2 ആയോ, രണ്ടും കൂടി ആയോ അറബി പഠിച്ചവർക്ക് ആ വിഷയങ്ങളിൽ ലഭിച്ച ഗ്രേഡ് പോയിന്റ് മൊത്തം ഇന്റക്സ് മാർക്കിനോട് കൂട്ടുന്നതാണ്.

7.2 യോഗ്യതാ പരീക്ഷയിൽ ഇംഗ്ലീഷ് പേപ്പറിൽ ലഭിച്ച ഗ്രേഡ് പോയിന്റ് ഇന്റക്സ് മാർക്കിനോട് കൂടെ വീണ്ടും കൂട്ടുന്നതാണ്.

7.3 Total Grade Point + Arabic Grade Point + English Grade Point + Bonus Points if any –

Deduction of point for second or more chances.

7.4 ഇൻഡക്സ് മാർക്കിൽ തുല്യത വന്നാൽ അറബിയിൽ ഗ്രേഡ് പോയിന്റ് കൂടിയവരെയും, വീണ്ടും തുല്യത വന്നാൽ ഇംഗ്ലീഷ് ഗ്രേഡ് പോയിന്റ് കൂടിയവരെയും റാങ്കിംഗിൽ മുൻഗണന നൽകുന്നതാണ് . തുടർന്നും തുല്ല്യത വരുന്നപക്ഷം വിദ്യാർത്ഥികളുടെ വയസ്സും ശേഷം അവരുടെ ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിലുള്ള പേരിന്റെ അടിസ്ഥാനത്തിലും പരിഗണിക്കുന്നതാണ്.

**8. അപേക്ഷ സമർപ്പിക്കേണ്ടവിധം**

8.1. ഓൺലൈൻ മുഖാന്തരമാണ് അപേക്ഷ നൽകേണ്ടത്. **http://admission.uoc.ac.in** വെബ്സൈറ്റിലെ **Registration** ടാബിൽ ലഭിക്കുന്ന **Afzal Ul Ulama (Preliminary )-2026 Registration** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. ഓൺലൈൻ റെജിസ്ട്രേഷന്റെ തുടക്കത്തിൽ മൊബൈൽ നമ്പർ ശരിയായി നൽകാത്തതിനാൽ CAP ID , സെക്യൂരിറ്റി കീ എന്നിവ ലഭ്യമാകാത്ത സാഹചര്യം ഒഴിവാക്കുന്നതിനായി മൊബൈൽ നമ്പർ ഓ ടി പി (One Time Password) വെരിഫിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്.
Mobile Number Verification പേജിൽ SSLC/10th രജിസ്റ്റർ നമ്പറും മൊബൈൽ നമ്പറും കൊടുക്കുമ്പോൾ ലഭിക്കുന്ന OTP നമ്പർ എന്റർ ചെയ്തതിനു ശേഷം അടിസ്ഥാന വിവരങ്ങൾ നൽകുമ്പോൾ CAP നമ്പറും, പാസ്‌വേർഡും അപേക്ഷകർ നല്കിയ മൊബെെൽ നമ്പറിലേക്കും, email ലേക്കും ലഭിക്കുന്നതാണ്. ലഭിച്ച CAP നമ്പറും, പാസ്‌വേർഡും , രജിസ്റ്റർ നമ്പറും ഉപയോഗിച്ച് ലോഗിൻ ചെയ്യുക. 40 KB യിൽ കുറവുള്ള jpg ഫോർമാറ്റിലുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ അപ്‌ലോഡ് ചെയ്തിരിക്കണം. ആവശ്യമായ മുഴുവൻ വിവരങ്ങൾ കൃത്യതയോടെ വിദ്യാർത്ഥികൾ നൽക്കേണ്ടതാണ്. നല്കിയ വിവരങ്ങൾ ശരിയാണോ എന്നു ഉറപ്പ് വരുത്തിയതിനു ശേഷം **'Make Payment'** ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് അടയ്ക്കണം. **"Payment Successfully done"** എന്ന സന്ദേശം ലഭിച്ചാൽ അപേക്ഷയുടെ ഫൈനൽ രജിസ്ട്രേഷൻ പ്രിന്റ് ഔട്ട് എടുക്കേണ്ടതാണ്. ഫീ പെയ്മെന്റ് ചെയ്തതിനു ശേഷം അപേക്ഷയിൽ തിരുത്തൽ സാധ്യമല്ല.

**8.2. ഓൺലൈൻ രജിസ്ട്രേഷൻ ഫീ പെയ്മെന്റ്**

ഇ-പെയ്മെന്റ് സംവിധാനത്തിലൂടെ മാത്രമെ ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് അടയ്ക്കാവൂ.

(എസ്.ബി.ഐ ഓൺലൈൻ/ഇ-ചലാൻ/പെയ്മെൻറ ഗെയ്റ്റ് വെ/ഫ്രണ്ട്സ് ജനസേവനകേന്ദ്രം/ അക്ഷയകേന്ദ്രം)

**8.2.1) ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് :**

**എസ്.സി/എസ്.ടി** - 220 /- **രൂപ**
**മറ്റുള്ളവർ** - 520/- **രൂപ**

ഒരു തവണ അടച്ച അപേക്ഷാഫീസ് യാതൊരുകാരണവശാലും തിരിച്ചുലഭിക്കുന്നതല്ല.

അപേക്ഷയുടെ പ്രിന്റ് ഔട്ട് വിദ്യാർത്ഥികൾ നിർബന്ധമായും സൂക്ഷിച്ചിരിക്കേണ്ടതാണ്. അപേക്ഷയുടെ പ്രിന്റ് ഔട്ട് പ്രവേശനം ലഭിക്കുന്ന കോളേജിൽ സമർപ്പിക്കേണ്ടതുമാണ് . ഓൺലൈൻ അപേക്ഷ , ചലാൻ/പെയ്മെന്റ് സ്ലിപ്പ് എന്നിവയുടെ പ്രിന്റ് ഔട്ട് വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റിയിലേക്ക് അയക്കേണ്ടതില്ല. ഇവ അഡ്മിഷൻ സമയത്ത് സർട്ടിഫിക്കറ്റുകളോടൊപ്പം കോളേജുകളിൽ സമർപ്പിക്കേണ്ടതാണ്.

**9) അലോട്ട്മെന്റ്**

എയ്ഡഡ് , അൺ എയ്ഡഡ് കോളേജുകളിലേക്ക് രണ്ട് അലോട്ടമെന്റുകളായിരിക്കും ഉണ്ടാവുക.

**9.1) മാൻഡേറ്ററി ഫീസ്**

അലോട്ട്മെന്റ് ലഭിക്കുന്നതിനായി, വിദ്യാർത്ഥികൾ താഴെപറഞ്ഞിട്ടുള്ള മാൻഡേറ്ററി ഫീസ് ഇ-പെയ്മെന്റ്

മുഖാന്തരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് അടക്കേണ്ടതാണ്. വീഴ്ചവരുത്തുന്നപക്ഷം തുടർന്നുള്ള അലോട്ട്മെന്റുകളിൽ നിന്നും വിദ്യാർത്ഥികൾ പുറന്തള്ളപ്പെടുന്നതായിരിക്കും. ലഭിച്ച അലോട്ട്മെന്റ് നഷ്ടപ്പെടുന്നതുമായിരിക്കും.

**എസ്.സി/എസ്.ടി / ഒ.ഇ.സി -155/- രൂപ (അലോട്ട്മെന്റ് ഫീസ്- 155/- )**

**മറ്റുള്ളവർ - 610/- രൂപ (സ്പോർട്സ് അഫിലിയേഷൻ ഫീസ് -350/- , യൂണിവേഴ്സിറ്റി യൂണിയൻ ഫീസ് - 105/- , അലോട്ട്മെന്റ് ഫീസ് -155/- )**

**<u>10. അഡ്മിഷൻ സമയത്ത് സമർപ്പിക്കേണ്ട രേഖകൾ</u>**

അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികൾ താഴെപറയുന്ന അസ്സൽ രേഖകൾ കോളേജ് അധികാരികൾക്ക് മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

1. ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൗട്ട്

2. അലോട്ട്മെന്റ്/അഡ്മിറ്റ് കാർഡ്

3. യോഗ്യതാ സർട്ടിഫിക്കറ്റ്

4. യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്/ഗ്രേഡ് കാർഡ്

5. വിദ്യാർത്ഥി അവസാനം പഠിച്ച വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്

6. സ്വഭാവ സർട്ടിഫിക്കറ്റ്

7. ഇക്വവലൻസി/റക്ക്ഗ്നിഷൻ സർട്ടിഫിക്കറ്റ്, നോൺ - ക്രീമിലെയർ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, ഇ ഡബ്ല്യൂ എസ് സർട്ടിഫിക്കറ്റ് തുടങ്ങി കോളേജ് അധികാരികൾ ആവശ്യപ്പെടുന്ന മറ്റു രേഖകൾ.

8 . ബോണസ് പോയിന്റിന് അർഹതപ്പെട്ടവർ അവ തെളിക്കുന്നതിനുള്ള രേഖകൾ.

9. യുജിസി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, എല്ലാ വിദ്യാർത്ഥികളും http://www.antiragging.in എന്ന വെബ്സൈറ്റിൽ ഓൺലൈനായി ഒരു ആന്റി-റാഗിംഗ് സംരംഭം പൂരിപ്പിക്കണം. സർവകലാശാലകൾ /കോളേജുകൾ വിദ്യാർത്ഥികളിൽ നിന്ന് ഹാർഡ് / പ്രിന്റ് കോപ്പി / അഫിഡവിറ്റുകളിൽ റാഗിംഗ് വിരുദ്ധ സംരംഭം സ്വീകരിക്കില്ല. (മുൻ കേസുകളിൽ ഉപയോഗിച്ചതുപോലെ വിദ്യാർത്ഥി അതിൽ പ്രിന്റ് ചെയ്ത് ഒപ്പിടേണ്ടതില്ലെന്ന് ദയവായി ശ്രദ്ധിക്കുക).

**11. <u>കോളേജുകൾക്കുള്ള നിർദ്ദേശങ്ങൾ:</u>**

യുജിസി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, റാഗിംഗ് വിരുദ്ധ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ സ്ഥാപനങ്ങളും https://www.antiragging.in/compliance_desclaimer.html എന്ന ലിങ്കിൽ ഒരു സമ്മതപത്രം സമർപ്പിക്കണം. ആന്റി-റാഗിംഗിന്റെ സോഫ്റ്റ് കോപ്പി പോസ്റ്ററുകൾ നിങ്ങളുടെ ക്യാമ്പസിലെ പ്രവേശന കേന്ദ്രം, വകുപ്പുകൾ, ലൈബ്രറി, കാന്റീൻ, ഹോസ്റ്റൽ, പൊതു സൗകര്യങ്ങൾ തുടങ്ങിയ പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കണം.

Prof.(Dr.) Sebastian C. D.
Registrar

**(Annexure I of G.O. (Ms) No.23/2022/P&ARD dated 04.10.2022)**

**INCOME AND ASSETS CERTIFICATE TO BE PRODUCED BY ECONOMICALLY WEAKER SECTIONS OF CITIZENS IN GENERAL CATEGORY FOR THE PURPOSE OF RESERVATION UNDER CLAUSE (6) OF ARTICLE 15 OF THE CONSTITUTION**

(Reservation for admission to Educational Institutions other than Minority institutions)

Certificate No. ……………………………….. Date : ……………………….

This is to certify that Shri/Smt/Kumari ......................................................................................... Son/daughter/wife of ..................……………….............................................................. is a resident of .............................................................................................................................. ...................... ...............………………………….............. (H. E. Address) ............................................................... village ...................................................... District, Kerala State, Pin Code ………………………. whose photograph is affixed below whose photograph is affixed below belongs to Economically Weaker Sections in General Category (*) and that his/her family income is Rs.......................................................................................... .......................................................................... ……………. (in words also) for the financial year ............................................. and that his/her family does not own or possess assets exceeding the limit specified in G.O.(Ms.) No.2/2020/P&ARD dated 12.02.2020 and that he/she not belong to a caste/community/class recognised as belonging to Scheduled Caste, Scheduled Tribes or Socially & Educationally Backward Classes.

Signature with Office Seal ................................................

Name .......................…….................................................

Designation ..................……..............................................

Recent passport size photograph of the applicant

(*) General Category means and includes all Classes of citizens other than Scheduled Castes, Scheduled Tribe, Socially and Educationally Backward Class and Other Backward Class.

Note: Citizens belonging to Other Eligible Communities (OEC) eligible for reservation for admisssion to educational institutions also stand excluded from General Category.

**(Annexure III of G.O. (Ms) No.23/2022/P&ARD dated 04.10.2022)**

## CERTIFICATE TO BE PRODUCED BY THE APPLICANTS BELONGING TO ANTHYODAYA ANNAYOJANA (AAY) AND PRIORITY HOUSE HOLD (PHH) CATEGORY FOR THE PURPOSE OF RESERVATION UNDER CLAUSE (6) OF ARTICLE 15 OF THE CONSTITUTION

(Reservation for admission to Educational Institutions other than Minority institutions)

(Vide G.O. (Ms) No.23/2022/P&ARD dated 04.10.2022)

Certificate No. ……………………………….. Date : ……………………….

This is to certify that Shri/Smt/Kumari .......................................................................................... Son/daughter/wife of ...............................................................................………....... is a resident of ..................................................................................................................................... ...................... .........................……………………... (H. E. Address) ......................................................................... village ............................................................... Taluk, ............................................................................ District in Kerala, Pin Code .................................. whose photograph is affixed below, is a member of Anthyodaya Annayojana (AAY)/Priority House Hold (PHH) and that his/her name is included in the Ration Card issued under this category and that he/she does not belong to a caste/community/class recognised as Scheduled Castes, Scheduled Tribes or Socially & Educationally Backward Classes in the State and therefore he/she belongs to Economically Weaker Sections in General Category. (*)

| Recent passport size photograph of the applicant |
|---|

Signature ………………..........................................................

Name .........................................................................................

Designation ...................................................................................…

(Seal)

(*) General Category means and includes all Classes of citizens other than Scheduled Castes, Scheduled Tribe, Socially and Educationally Backward Class and Other Backward Class.

Note: Citizens belonging to Other Eligible Communities (OEC) eligible for reservation for admission to educational institutions also stand excluded from General Category.

**The list of colleges offering Afzal-Ul-Ulama Preliminary programme with sanctioned intake, to be included in the admission process of the year 2026-27**

| Sl No. | Name of College | District | Category A-Aided / S-Self financing | Sanctioned Intake | Remarks |
|---|---|---|---|---|---|
| 1 | Madeenathul Uloom Arabic College ,Pulikkal. | Malappuram | Aided | 60 | |
| 2 | Darul Uloom Arabic College,Vazhakkad. | Malappuram | Aided | 60 | |
| 3 | Anwarul Islam Arabic College ,Kuniyil | Malappuram | Aided | 60 | |
| 4 | Sullamussallam Arabic College ,Areekkode | Malappuram | Aided | 60 | |
| 5 | Anwarul Islam Women's Arabic College, Mongam. | Malappuram | Aided | 60 | |
| 6 | KTM College Of Advanced Studies,Karuvarakkundu. | Malappuram | Aided | 60 | |
| 7 | Ansar Arabic College,Valavannur. | Malappuram | Aided | 60 | |
| 8 | Anwarul Islam Arabic College.Tirurkkad. | Malappuram | Unaided | 60 | |
| 9 | Isha Athul Islam Arbic College.Putharikkal. | Malappuram | Unaided | 60 | |
| 10 | Falahiya Arabic College, Down Hill | Malappuram | Unaided | 60 | |
| 11 | Disaffiliated | | | | |
| 12 | Assabah Arabic College. | Malappuram | Unaided | 60 | |
| 13 | Illahiya Arabic College, Tirurkkad. | Malappuram | Unaided | 24 | |
| 14 | K.M.M.M.O Arabic College, Tirurangadi. | Malappuram | Unaided | 60 | |
| 15 | Jamia Nadawiyya Womens Arabic College,Edavanna. | Malappuram | Unaided | 60 | |
| 16. | Sunniya Arabic College,Chennamangallur.Mukkam . | Kozhikode | A | 60 | |
| 17. | Rouzathul Uloom Arabic College, Farook College. | Kozhikode | A | 60 | |
| 18. | Rahmaniya Arabic College (unaided) Katameri. | Kozhikode | Unaided | 60 | |
| 19. | Jalaliya Women's Arabic College (unaided) kuttikkattor. | Kozhikode | Unaided | 60 | |

| | | | | | |
|---|---|---|---|---|---|
| 20. | Darul MA ‘Rifa Arabic College,Odungakad,Puthupadi,kozhikode | Kozhikode | Unaided | 60 | |
| 21. | Disaffiliated | | | | |
| 22. | Saqafathul Islam Arabic College,Parakkadavu. P O | Kozhikode | Unaided | 40 | |
| 23. | Salafiya Arabic College(unaided)Meppayur ,Koyilandi. | Kozhikode | Unaided | 40 | |
| 24. | Al-Furqan Arabic College,(un aided) Nadapuram. | Kozhikode | Unaided | 40 | |
| 25. | Thaqwa Afzal -Ul-Ulama Arabic College,Andathode. | Thrissur | Unaided | 60 | |
| 26. | Busthanul Uloom Arabic College, Koprakalam,Kaipamangalam. | Thrissur | Unaided | 24 | |
| 27. | Salafiya Arbic College, (un aided)Karinganad . | Palakkad | Unaided | 60 | |
| 28. | Markaz Oriental College, (un aided)Thottakkara P O ,Ottappalam | Palakkad | Unaided | 60 | |
| 29. | Al -Abrar Oriental Arabic College, Koduvalikkundu,Mannakkad. | Palakkad | Unaided | 60 | |
| 30 | Malabar Arabic College Narikkuni | Kozhikode | Unaided | 40 | |
| 31 | Salafiyya Arabic College, Wandoor | Malappuram | Unaided | 40 | |